# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **2562** 10.12.2014-ൽ മറുപടിക്ക്

## ആശാവർക്കർമാരുടെ ഓണറേറിയം / ഇൻസെന്റീവ് വർദ്ധിപ്പിക്കാൻ നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. കൃഷ്ണൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ആശ വർക്കർമാർക്ക് എത്ര രൂപയാണ് ഓണറേറിയം/ഇൻസെന്റീവ് ഇനത്തിൽ നൽകുന്നതെന്ന് വിശദമാക്കാമോ ; | (എ) 2013-14 -ൽ പ്രതിമാസം 700 രൂപയായിരുന്ന ആശ ഹോണറേറിയം 2014-15 ൽ പ്രതിമാസം 1000 രൂപയായി ഉയർത്തിയിട്ടുണ്ട്. ആശമാർക്ക് വിവിധ പദ്ധതികളിൽ നിന്നും ലഭിക്കുന്ന ഇൻസെന്റീവുകൾ താഴെ പറയുന്നവയാണ്.<br>ആശപ്രവർത്തകർക്ക് സ്ഥിരമായി വേതനം നൽകുന്നില്ല. മറിച്ച് വിവിധ പദ്ധതികളിൽ നിന്നും ലഭിക്കുന്ന ഇൻസെന്റീവുകളാണ് ഇവർക്ക് നൽകുന്നത്. ഇൻസെന്റീവുകൾ താഴെപ്പറയുന്നവയാണ്.<br>1. പരിശീലനങ്ങൾക്ക് യഥാർത്ഥ യാത്രാപ്പടി<br>2. പരിശീലന ദിവസങ്ങൾക്ക് 100 രൂപ വീതം ക്ഷാമബത്ത<br>3. ആരോഗ്യസ്ഥാപനങ്ങളിൽ മാസംതോറും നടക്കുന്ന മീറ്റിംഗിന് 100 രൂപ<br>4. ജനനീസുരക്ഷായോജന പ്രകാരം ഒരു ഗുണഭോക്താവിനെ സഹായിക്കുന്നതിന് ഗ്രാമപ്രദേശങ്ങളിൽ നിന്നുള്ളവർക്ക് 600 രൂപയും നഗരപ്രദേശത്തു നിന്നുള്ളവർക്ക് 400 രൂപയും<br>5. മാസംതോറും നടക്കുന്ന പ്രതിമാസ കുത്തിവയ്പുകൾക്ക് ഒരു കുട്ടിയെ കൊണ്ടുവരുന്നതിന് 20 രൂപ |

(.....2)

6. ഒരു വയസ്സിനുള്ളിൽ കുട്ടിക്ക് മുഴുവൻ പ്രതിരോധ കുത്തിവയ്പ് എടുക്കുന്നതിന് ആശക്ക് 100 രൂപ. ഇത് രണ്ട് വയസ്സ് വരെ നിലനിർത്തുന്നതിന് 50 രൂപയും ആശയ്ക്ക് നൽകുന്നു
7. വന്ധ്യംകരണത്തിനു സ്ത്രീകളെ പ്രേരിപ്പിക്കുന്നതിന് 150 രൂപയും പുരുഷൻമാർക്ക് 200 രൂപയും
8. വാർഡുതല ആരോഗ്യപോഷക ദിനം സംഘടിപ്പിക്കുന്നതിന് 100 രൂപ (കുറഞ്ഞത് 25 പേരെയെങ്കിലും പങ്കെടുപ്പിക്കണം)
9. തിമിര ശസ്ത്രക്രിയയ്ക്ക് പ്രേരണ നൽകി ശസ്ത്രക്രിയ നടത്തുകയും ചെയ്യുന്നതിന് 175 രൂപ (ഒരു കണ്ണിന്)
10. ടി.ബി. രോഗികൾക്ക് കഫ പരിശോധന യ്ക്കും അതിനു ശേഷം ഡോട്സ് നൽകുന്നതിനുമായി 1000 രൂപ
11. ആശയ്ക്ക് അനുവദിച്ചിട്ടുള്ള വീടുകളുടെ എണ്ണം കൃത്യമായി ക്രമപ്പെടുത്തുന്നതിനും അത് 6 മാസത്തിലൊരിക്കൽ പുതുക്കുന്ന തിനും, ആരോഗ്യ രജിസ്റ്റർ സൂക്ഷിക്കു ന്നതിനും ജനനവും മരണവും രജിസ്റ്റർ ചെയ്യുന്നതിനും കുത്തിവയ്പ് എടുക്കേണ്ട കുട്ടികളുടെ പട്ടിക തയ്യാറാക്കാനും എ.എൻ.സി/എലിജിബിൾ കപ്പിൾ പട്ടിക തയ്യാറാക്കുന്നതിനുമായി ആശക്ക് 500 രൂപ

| | | | |
|---|---|---|---|
| (ബി) | ആശ വർക്കർമാർക്ക് ലഭിച്ചു കൊണ്ടിരിക്കുന്ന ഇൻസെന്റീവുകൾ നിർത്തലാക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഉണ്ട്. ആശ ഇൻസെന്റീവ് കേന്ദ്ര ഗവൺ മെന്റിന്റെ മാനദണ്ഡങ്ങൾ അനുസരിച്ചാണ് നൽകുന്നത്. മുൻപ് നൽകികൊണ്ടിരുന്ന 2 ഇൻസെന്റീവുകൾ 2014-15 ൽ നിർത്തലാക്കി യിട്ടുണ്ട്. |
| (സി) | ആശ വർക്കർമാരുടെ ഓണറേറിയം / ഇൻസെന്റീവ് വർദ്ധിപ്പിക്കാൻ നടപടി കൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ സ്വീകരിക്കുമോ ? | (സി) | ഇപ്പോൾ പരിഗണിക്കുവാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ